## 15 -ാം കേരള നിയമസഭ

## 14 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 938** **18-09-2025 - ൽ മറുപടിയ്ക്ക്**

## ചങ്ങനാശ്ശേരി മണ്ഡലത്തിൽ പട്ടികജാതി വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി വകുപ്പ് മുഖാന്തരം ചങ്ങനാശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി വികസന വകുപ്പ് മുഖാന്തരം ചങ്ങനാശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.<br><br>* ഞണ്ടുകുളം എസ് സി നഗർ അടിസ്ഥാന സൗകര്യ വികസനം -2 വർക്കുകൾ പൂർത്തീകരിച്ചു.<br><br>* കെ പി എം എസ് കടമാൻ ചിറ നഗർ റോഡ് പൂർത്തികരണം - വർക്ക് പൂർത്തീകരിച്ചു.<br><br>* അറുന്നൂറിൽ പുതുവിൽ ചിറ റോഡ് സംരക്ഷണ ഭിത്തി നിർമ്മാണം. 2 വർക്കുകൾ പൂർത്തീകരിച്ചു.<br><br>* വെള്ളുക്കുന്ന് കുടിവെള്ള പദ്ധതി പൂർത്തികരണം - വർക്ക് പൂർത്തീകരിച്ചു.<br><br>* കുറിച്ചി ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന വിജ്ഞാൻവാടി കെട്ടിടത്തിന്റെ ടോയ്‌ലറ്റ് അറ്റകുറ്റ പണികൾ - വർക്ക് പൂർത്തീകരിച്ചു.<br><br>* സചിവോത്തമപുരം സ്വയം പര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ കെട്ടിടത്തിന്റെ അറ്റകുറ്റ പണികൾ -വർക്ക് പൂർത്തീകരിച്ചു.<br><br>* അംബേദ്കർ ഗ്രാമം 2023-24 മുതലപ്ര എസ് സി നഗർ - വർക്ക് പുരോഗമിക്കുന്നു.<br><br>* അംബേദ്കർ ഗ്രാമം 2023-24 വെള്ളുക്കുന്ന് എസ് സി നഗർ - വർക്ക് പുരോഗമിക്കുന്നു.<br><br>* അംബേദ്കർ ഗ്രാമം 2023-24 വാഴപ്പള്ളി സെറ്റിൽമെന്റ് നഗർ എസ്റ്റിമേറ്റ് അംഗീകാരം നൽകുന്നതിനായി 11/07/2025 ന് സമർപ്പിച്ച |

| | | | |
|---|---|---|---|
| | | | പ്രൊപ്പോസൽ പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ പരിശോധിച്ചു വരുന്നു. |
| (ബി) | ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി, അനുവദിച്ച തുക എന്നിവ വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ? | (ബി) | ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി, അനുവദിച്ച തുക, അനുബന്ധം (1) ആയി ചേർക്കുന്നു. ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധം (2) ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം (1)

| ക്രമ നം. | പ്രവർത്തി | നിലവിലത്തെ സ്ഥിതി | അനുവദിച്ച തുക | റിമാർക്കസ് |
|---|---|---|---|---|
| 1 | ഞണ്ടുകുളം എസ് സി നഗർ അടിസ്ഥാന സൌകര്യ വികസനം | വർക്ക് പൂർത്തികരിച്ചു | 1603000 | ഉത്തരവ് പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| 2 | ഞണ്ടുകുളം എസ് സി നഗർ അടിസ്ഥാന സൌകര്യ വികസനം (രണ്ടാം ഘട്ടം) | വർക്ക് പൂർത്തികരിച്ചു | 700000 | ഉത്തരവ് പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| 3 | കെ പി എം എസ് കടമാൻ ചിറ നഗർ റോഡ് പൂർത്തികരണം | വർക്ക് പൂർത്തികരിച്ചു | 1424000 | ഉത്തരവ് പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| 4 | അറുന്നൂറിൽ പുതുവിൽ ചിറ റോഡ് സംരക്ഷണ ഭിത്തി നിർമ്മാണം | വർക്ക് പൂർത്തികരിച്ചു | 2363000 | ഉത്തരവ് പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |

| | | | | |
|---|---|---|---|---|
| 5 | അറുന്നൂറിൽ പുതുവിൽ ചിറ റോഡ് സംരക്ഷണ ഭിത്തി നിർമ്മാണം(രണ്ടാം ഘട്ടം) | വർക്ക് പൂർത്തികരിച്ചു | 648000 | ഉത്തരവ് പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| 6 | വെള്ളുക്കുന്ന് കുടിവെള്ള പദ്ധതി പൂർത്തികരണം | വർക്ക് പൂർത്തികരിച്ചു | 1800000 | ഉത്തരവ് പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| 7 | കുറിച്ചി ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന വിജ്ഞാൻവാടി കെട്ടിടത്തിന്റെ ടോയ്ലറ്റ് അറ്റകുറ്റ പണികൾ. | വർക്ക് പൂർത്തികരിച്ചു | 420000 | ഉത്തരവ് പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| 8 | സചിവോത്തമപുരം സ്വയം പര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ കെട്ടിടത്തിന്റെ അറ്റകുറ്റ പണികൾ | വർക്ക് പൂർത്തികരിച്ചു | 1260000 | ഉത്തരവ് പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| 9 | അംബേദ്ക്കർ ഗ്രാമം 2023-24 മുതലപ്ര എസ് സി നഗർ | വർക്ക് പുരോഗമിക്കുന്നു | 9372659 | ഉത്തരവ് പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| 10 | അംബേദ്ക്കർ ഗ്രാമം 2023-24 വെള്ളുക്കുന്ന് | വർക്ക് പുരോഗമിക്കുന്നു | | ഉത്തരവ് പകർപ്പ് |

| | | | | |
|---|---|---|---|---|
| | എസ് സി നഗർ | | 9431547 | ഉള്ളടക്കം ചെയ്യുന്നു. |
| 11 | അംബേദ്കർ ഗ്രാമം 2023-24 വാഴപ്പള്ളി സെറ്റിൽമെന്റ് നഗർ | എസ്റ്റിമേറ്റ് അംഗീകാരം നൽകുന്നതിനായി 11.07.2025 ൽ ഡയറക്ടർക്ക് സമർപ്പിച്ചു | ബാധകമല്ല | ബാധകമല്ല |

I/62203/2024

<u>കോട്ടയം ജില്ലാ കലക്ടറുടെ നടപടി ഉത്തരവ്</u>
(നിലവിൽ: വി.വിഘ്നേശ്വരി .ഐ എ എസ്.)

വിഷയം:- പട്ടികജാതി വികസനം- പട്ടികജാതി വികസന വകുപ്പിന്റെ 2021-22 സാമ്പത്തിക വർഷത്തെ കോർപ്പസ് ഫണ്ട്- വാകത്താനം ഗ്രാമ പഞ്ചായത്തിലെ ഞണ്ടുകുളം എസ് സി കോളനി അടിസ്ഥാനസൗകര്യ വികസനം എന്ന പദ്ധതിക്ക് പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്

പരാമർശം:-
1) കോട്ടയം ജില്ലാ കളക്ടറുടെ 23.01.2023 ലെ സി-2214/21/KTM
2) അസി. എക്സിക്യൂട്ടീവ് എൻജിനീയർ ,എൽ ,എസ്,ജി ഡി മാടപ്പള്ളി ബ്ലോക്കിൻറെ 13.02.2024 തീയതിയിലെ 81/AEE/LSGD/MDPLY നം .കത്ത്.
3) 22.01.2024 ൽ ചേർന്ന ജില്ലാതല പട്ടികജാതി പട്ടികവർഗ്ഗ വികസന സമിതിയോഗ തീരുമാനം

No: DDOKTM/734/2023-SA Date:24.02.2024

പട്ടികജാതി വികസന വകുപ്പിൻറെ 2021-22 സാമ്പത്തിക വർഷത്തെ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് വാകത്താനം ഗ്രാമ പഞ്ചായത്തിലെ ഞണ്ടുകുളം എസ്.സി കോളനി അടിസ്ഥാന സൗകര്യ വികസനം എന്ന പദ്ധതിക്ക് ഭരണാനുമതി നൽകി സൂചന (1) പ്രകാരം ഉത്തരവ് നൽകിയിരുന്നു. ഭരണാനുമതി ലഭിച്ച എസ്റ്റിമേറ്റ് വർക്ക് തുടങ്ങിയപ്പോൾ സൈറ്റിലെ ചില സാഹചര്യങ്ങൾ കാരണം ചില ഐറ്റങ്ങളിൽ വ്യതിയാനം വരുത്തേണ്ടതായി വന്നു എന്നും ആയത് മണ്ണ് മാറ്റുന്ന ഐറ്റം കൂടി കല്ല് കെട്ട് പൊളിച്ചപ്പോൾ ലഭിച്ച കല്ല് ഉപയോഗിച്ച് ഇടിഞ്ഞു പോയ ഭാഗങ്ങൾ കെട്ടിയെടുക്കേണ്ടതായി വന്നു എന്നും ബലക്ഷയം സംഭവിച്ച ഭാഗങ്ങൾ പൊളിച്ച് കെട്ടേണ്ടി വന്നു എന്നും കൂടാതെ വഴിയുടെ വീതി കൂട്ടിയതിനാൽ കോൺക്രീറ്റ് ഐറ്റവും കൂടുതലായി ചെയ്യേണ്ടി വന്നിട്ടുണ്ട്. എന്നതിനാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യണമെന്ന് നിർവഹണ ഉദ്യോഗസ്ഥൻ അപേക്ഷിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനിയർ മടപ്പള്ളി ബ്ലോക്ക് സൂചന 2 പ്രകാരം പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്.
23.01.2023 ലെ ഭരണാനുമതി നൽകിയ പ്രവൃത്തികൾ

| ക്രമ നം | പദ്ധതിയുടെ പേര് | നിർവ്വഹ ഉദ്ധ്യോഗ സ്ഥൻ | പദ്ധതി നിർദ്ദേശം | അനുവദിച്ച തുക |
|---|---|---|---|---|
| 1 | വാകത്താനം ഗ്രാമ പഞ്ചായത്തിലെ ഞണ്ടുകുളം എസ് സി കോളനി അടിസ്ഥാനസൗകര്യ വികസനം | അസി. എക്സിക്യൂട്ടീവ് എൻജിനീയർ , എൽ.എസ്.ജി.ഡി മാടപ്പള്ളി ബ്ലോക്ക് | **<u>സംരക്ഷണ ഭിത്തി-</u>**<br>നീളം-63 മീ<br>**<u>നടപ്പാത കോൺക്രീറ്റ്</u>**<br>നീളം-80.7 മീ<br>വീതി -1.5 മീ | ₹ 1603000/- |

| | | | | |
|---|---|---|---|---|
| | | | **ഡിമോളിഷൻ ഡി ആർ**<br>47 മീ | |

പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ

| ക്രമ നം | പദ്ധതിയുടെ പേര് | നിർവ്വഹ ഉദ്ധ്യോഗ സ്ഥൻ | പദ്ധതി നിർദ്ദേശം | അനുവദിച്ച തുക |
|---|---|---|---|---|
| 1 | വാകത്താനം ഗ്രാമ പഞ്ചായത്തിലെ ഞണ്ടുകുളം എസ് സി കോളനി അടിസ്ഥാനസൗകര്യ വികസനം | അസി. എക്സിക്യൂട്ടിവ് എൻജിനീയർ ,എൽ ,എസ്,ജി ഡി മാടപ്പള്ളി ബ്ലോക്ക് | **സംരക്ഷണ ഭിത്തി-**<br>നീളം-63 മീ<br>**നടപ്പാത കോൺക്രീറ്റ്**<br>നീളം-87 മീ<br>വീതി -1.5 മീ<br><br>ഡിമോളിഷൻ ഡി ആർ ഉപയോഗിച്ച് സംരക്ഷണഭിത്തിനിർമ്മിച്ചു | ₹1603000/- |

ജില്ലാ പ്ലാനിംഗ് ഓഫിസറും ജില്ലാ പട്ടികജാതി വികസന ഓഫിസറും സംയുക്തമായി നടത്തിയ സ്ഥലപരിശോധനയിൽ മേൽ പദ്ധതിയിൽ പറഞ്ഞിരിക്കുന്ന പ്രവർത്തികൾ ചെയ്തിട്ടുണ്ട് എന്ന് എന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

സൂചന (3) പ്രകാരം 22.01.2024 ൽ ചേർന്ന ജില്ലാതല പട്ടികജാതി പട്ടികവർഗ്ഗ വികസന സമിതിയോഗത്തിൽ ഈ വിഷയം ചർച്ചചെയ്ത് ടി പ്രവർത്തിയ്ക്ക് സാധൂകരണം നൽകി പുതിക്കിയ എസ്റ്റിമേറ്റിന് അംഗീകാരം നൽകാവുന്നതാണ് എന്ന് യോഗം തീരുമാനിച്ചു. മേൽ സാഹചര്യത്തിൽ പുതുക്കിയ എസ്റ്റിമേറ്റിന് നിലവിൽ അംഗീകരിച്ചിരിക്കുന്ന തുകയിൽ അധികരിക്കാത്ത വിധത്തിൽ ഭരണാനുമതി നൽകി ഉത്തരവാകുന്നു.

**(ഒപ്പ്)**
**ജില്ലാ കളക്ടർ**
**കോട്ടയം**

ഉത്തരവിൻ പ്രകാരം,

**Signed by M S Sunil**
**Date: 28-02-2024 12:12:22**
ജില്ലാ പട്ടികജാതി വികസന ഓഫീസർ

പകർപ്പ്:-
1) അസി.എക്സി.എഞ്ചിനിയർ, എൽ.എസ്.ജി.ഡി, മാടപ്പള്ളി ബ്ലോക്ക്
2) ഫിനാൻസ് സെക്ഷൻ (അലോട്ട്മെന്റ് നൽകുന്നതിന്)
3) ജില്ലാ പ്ലാനിങ് ഓഫീസർ, കോട്ടയം
4) സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്, മാടപ്പള്ളി
5) പട്ടികജാതി വികസന ഓഫീസർ, മാടപ്പള്ളി ബ്ലോക്ക്
6) സ്റ്റോക്ക് ഫയൽ / സ്പെയർ

I/64862/2024

**കോട്ടയം ജില്ലാ കളക്ടറുടെ നടപടി ഉത്തരവ്**

(നിലവിൽ: വി. വിഘ്നേശ്വരി .ഐ എ എസ്.)

വിഷയം:- പട്ടികജാതി വികസനം- പട്ടികജാതി വികസന വകുപ്പിന്റെ 2023-24 സാമ്പത്തിക വർഷത്തെ കോർപ്പസ് ഫണ്ട് - ഭരണാനുമതി നൽകി ഉത്തരവാകുന്നു.

പരാമർശം:-
1) സ.ഉ)കൈ ( നം505/2021 ./പജ.പ.വിവ.തീയതി 15.05.2021
2) സ.ഉ.(കൈ) നം. 68/2021/പജ.പ.വിവ.തീയതി 18.09.2014
3) പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 22.12.2023 തീയതിയിലെ SCDD/3540/2023-P2(PL) നം ഉത്തരവ്.
4) 24.02.2024 ൽ ചേർന്ന ജില്ലാതല പട്ടികജാതി പട്ടികവർഗ്ഗ വികസന സമിതിയോഗ തീരുമാനം

No: DDOKTM/349/2023-SA Date:15.03.2024

പട്ടികജാതി ഉപപദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്ന പദ്ധതികളുടെ വിടവ് നികത്തുന്നതിനായി പ്രോജക്ടുകളുടെ അടിസ്ഥാനത്തിൽ തുക അനുവദിക്കുന്നതിനുള്ള ശീർഷകമായ കോർപ്പസ് ഫണ്ട് ഇനത്തിൽ 2014-15 സാമ്പത്തിക വർഷം മുതൽ വകയിരുത്തിയിട്ടുള്ള തുകയുടെ മൂന്നിലൊന്ന് തുക ജില്ലാതലത്തിൽ വിനിയോഗിക്കണമെന്നും ഇതിൽ 25 ലക്ഷം വരെയുള്ള പദ്ധതികളുടെ ഭരണാനുമതി ഉത്തരവ് നൽകുന്നതിന് ജില്ലാതലത്തിൽ ഒരു കമ്മറ്റി രൂപികരിക്കാനും നിർദ്ദേശമുണ്ട്.

മുൻ വർഷങ്ങളിൽ പദ്ധതി നിർവ്വഹണത്തിനായി സ്വികരിച്ച നടപടി ക്രമങ്ങളുടെ സമാന മാതൃകയിൽ 2023-24 സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള തുകവിനിയോഗിക്കുന്നതിന് പരാമർശം(1) പ്രകാരം സർക്കാർ അനുമതി നൽകുകയും നടപ്പ് സാമ്പത്തിക വർഷം കോർപ്പസ് ഫണ്ട് ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയുടെ 1/3 തുക ഇതിനായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ 2023-24 സാമ്പത്തിക വർഷം വിവിധ ജില്ലകളിലെ പട്ടികജാതി വികസനവുമായി ബന്ധപ്പെട്ട പദ്ധതികളുടെ വിടവ് നികത്തുന്നതിനും തദനുസരണമായ പ്രൊജക്ടുകൾ കണ്ടെത്തി നടപ്പാക്കുന്നതിന് വേണ്ടി കോർപ്പസ് ഫണ്ട് ശീർഷകത്തിൽ നിന്നും 1/3 കോർപ്പസ് ഫണ്ട് പുതിയ പദ്ധതിയ്ക്കായി 15,00,00,000/- (പതിനഞ്ച് കോടി രൂപാ മാത്രം) പട്ടികജാതി ജനസംഖ്യയ്ക്ക് ആനുപാതികമായി വിവിധ ജില്ലാകളക്ടർമാർക്ക് അനുവദിക്കുകയും ജില്ലയ്ക്ക് അനുവദിക്കുന്ന ഈ ഫണ്ട് ചെലവഴിക്കുന്നതിനുള്ള കമ്മറ്റി രൂപികരിക്കുന്നതിനും പദ്ധതി നടപ്പിലാക്കുന്നതിനും വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പരാമർശം (2)ലെ സർക്കാർ ഉത്തരവു പ്രകാരം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും ജില്ലാകളക്ടർ മെമ്പർ സെക്രട്ടറിയും, ജില്ലാ പ്ലാനിംഗ് ഓഫീസർ കൺവീനറും ജില്ലാ പട്ടികജാതി വികസന ഓഫിസർ മെമ്പറുമായി ജില്ലാതല പട്ടികജാതി പട്ടികവർഗ്ഗ വികസനസമിതിയുടെ അംഗീകാരത്തിനുവിധേയമായിട്ടായിരിക്കും പദ്ധതി നടപ്പാക്കുന്നത്. പരാമർശം (3)ലെ ഉത്തരവു പ്രകാരം കോർപ്പസ് ഫണ്ട് വിഹിതമായി കോട്ടയം ജില്ലയ്ക്ക് 76 ലക്ഷം രൂപാ അനുവദിച്ചിട്ടുണ്ട്.

2023-24 വർഷത്തെ 1/3 കോർപ്പസ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന പദ്ധതികളുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നതിന് സൂചന 4 യോഗം ശുപാർശ നൽകിയിട്ടുമുണ്ട്.

| ക്രമ നം | പദ്ധതിയുടെ പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതി നിർദ്ദേശം | ഭരണാനുമതി നൽകുന്ന തുക |
|---|---|---|---|---|
| | വിജ്ഞാൻ വാടി –അടിസ്ഥാന | | 1. ടോയ്ലറ്റ്<br>2. കബോർഡ്<br>3. ഹാൾ ടൈൽ ഇടുക. | |

| | | | | |
|---|---|---|---|---|
| 1 | സൗകര്യം മെച്ചപ്പെടുത്തൽ പൊന്തൻ പുഴ മാതൃകാ പട്ടികജാതി കോളനി- മണിമല ഗ്രാമപഞ്ചായത്ത് | അസി. എക്സിക്യൂട്ടീവ് എൻജിനീയർ, എൽ.എസ് ജി.ഡി കാഞ്ഞിരപ്പള്ളി ബ്ലോക്ക് | 4. മുറ്റം ഇൻ്റർലോക്ക് ചെയ്യുക.<br>5. കോമ്പൌണ്ട് വാൾ നിർമ്മാണം.<br>6. ഫാൻ, ഇല.ട്യൂബ് ഫിറ്റിങ്. | 713000 |
| 2 | വിജ്ഞാൻ വാടി –അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ ഉരുളമുട്ട പട്ടികജാതി കോളനി- കൂട്ടിക്കൽ ഗ്രാമപഞ്ചായത്ത് | അസി. എക്സിക്യൂട്ടീവ് എൻജിനീയർ, എൽ.എസ് ജി.ഡി കാഞ്ഞിരപ്പള്ളി ബ്ലോക്ക് | 1<br>1. ടോയ്ലറ്റ്<br>2. കബോർഡ്<br>3. ഹാൾ ടൈൽ ഇടുക.<br>4. മുറ്റം ഇൻ്റർലോക്ക് ചെയ്യുക. | **462000** |
| 3 | കുറിച്ചി ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന വിജ്ഞാൻവാടി കെട്ടിടത്തിൻറെ ടോയ്ലറ്റ് അറ്റകുറ്റ പണികൾ. | അസി. എക്സിക്യൂട്ടീവ് എൻജിനീയർ, എൽ.എസ് ജി.ഡി പള്ളം ബ്ലോക്ക് | 1പെയിൻറിംഗ് സ് 115.545 വയർ മീ<br>.2ഫ്ലോർ ടൈൽ 32.375 സ്വയർ മീ<br>പുതിയ ടോയിലറ്റ്നീളം-1. -5മീ<br>വീതി 1.5-മീ<br>.4ഇൻറർലോക്ക് 91.30 സ്വയർ മീ<br>.5വാട്ടർ ടാങ്ക്, | **420000** |
| 4 | കങ്ങഴ ഗ്രാമപഞ്ചായത്ത് ചെളിക്കുഴികോളനിയിലെ വിജ്ഞാൻവാടികളുടെ അടിസ്ഥാന സൗകര്യ വികസനം | അസി. എക്സിക്യൂട്ടീവ് എൻജിനീയർ, എൽ.എസ് ജി.ഡി വാഴൂർ ബ്ലോക്ക് | 1ടൈലിംഗ്- 37.36സ്വയർ മീ. .2പെയിൻറിംഗ് 196.88 സ്വയർ മീ 0<br>.3 | **86000** |
| 5 | സചിവോത്തമപുരം സ്വയം പര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെട്ടത്തിയ കെട്ടിടത്തിൻറെ അറ്റകുറ്റ പണികൾ-കുറിച്ചി ഗ്രാമപഞ്ചായത്ത് | അസി. എക്സിക്യൂട്ടീവ് എൻജിനീയർ, എൽ.എസ് ജി.ഡി പള്ളം ബ്ലോക്ക് | .1പെയിൻറിംഗ് 1800.533 സ്വയർ മീ<br>.2ഇൻറർലോക്ക് സ്വ 467 യർ മീ<br>,3 കോംബൗണ്ട് വാൾ17.3 മി<br>.4പി വി സി ഡോർ നം 3 | 1260000 |
| 6 | ഞണ്ടുകളം എസ് സി കോളനി അടിസ്ഥാന സൗകര്യ വികസന പൂർത്തീകരണം- വാകത്താനം ഗ്രാമപഞ്ചായത്ത് | അസി. എക്സിക്യൂട്ടീവ് എൻജിനീയർ, എൽ.എസ് ജി.ഡി മാടപ്പള്ളി ബ്ലോക്ക് | .1സംരക്ഷണഭിത്തി 16.2മീ<br>2 കെർബ് 79.2 -മീ<br>3 റോഡ് കോൺക്രീറ്റ്17.7-മീ<br>4ഹാൻറ് റെയിൽ .<br>5 പെയിൻറിംഗ്-19.677.സ്വയർ മീ | **700000** |
| 7 | പന്നിമറ്റം കോളനി റോഡ് കോൺക്രീറ്റ് സംരക്ഷണ ഭിത്തി നിർമ്മ | മുൻസിപ്പൽ എൻജിനീയർക , | 1.റോഡ് കോൺക്രീറ്റിംഗ് 11 മി നീളം 4<br>2. സംരക്ഷണ ഭിത്തി 84 | **520000** |

| | | | | |
|---|---|---|---|---|
| | ാണം-കോട്ടയം നഗരസഭ | ോട്ടയം | മി നീളം | |
| 8 | അറുന്നൂറിൽ പുതുവിൽ ചിറ എസ്.സി കോളനി റോഡ് നിർമ്മാണം-പായിപ്പാട് ഗ്രാമപഞ്ചായത്ത് | അസി. എക്സിക്യൂട്ടീവ് എൻജിനീയർ, എൽ.എസ് ജി.ഡി മാടപ്പള്ളി ബ്ലോക്ക് | 1.റോഡ് കോൺക്രീറ്റിംഗ് 180 മി നീളം 1.5 മീ വീതി ഘനം-15 സെമീ | 648000 |
| | | **ആകെ ഭരണാനുമതി തുക** | | 4809000 |

**ആകെ മൊത്തം നാൽപ്പത്തി എട്ട് ലക്ഷത്തി ഒൻപതിനായിരം മാത്രം**

മേൽ സാഹചര്യത്തിൽ മുകളിൽ പട്ടികയിൽ നിർദ്ദേശിച്ചിരിക്കുന്ന എട്ട് പ്രവൃത്തികൾക്കും അടങ്കൽതുകയ്ക്കുള്ള ഭരണാനുമതി നൽകിയും എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥൻമാർക്കും നിശ്ചിതതുക അനുവദിച്ചുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു. നിർവ്വഹണ ഉദ്യോഗസ്ഥൻ പദ്ധതി തുടങ്ങുന്നതിനു മുമ്പായി ബന്ധപ്പെട്ട അധികാരിയിൽ നിന്നും സാങ്കേതിക അനുമതി വാങ്ങേണ്ടതാണ്.

പദ്ധതി പൂർത്തിയാക്കി വർക്ക് ബില്ലുകൾ നിർവ്വഹണ ഉദ്ധ്യോഗസ്ഥൻമാർ സമർപ്പിക്കുന്ന മുറയ്ക്ക് ജില്ലാ പട്ടികജാതി വികസന ഓഫീസർ , ജില്ലാ പ്ലാനിംഗ് ഓഫിസറുടെ ശുപാർശയോടെ ജില്ലാ കളക്ടർക്ക് സമർപ്പിക്കേണ്ടതും ജില്ലാ കളക്ടർ അനുവദനീയമായ തുകയ്ക്ക് അലോട്ട്മെൻറ് ലെറ്റർ നിർവ്വഹണ ഉദ്ധ്യോഗസ്ഥൻമാർക്ക് നൽകേണ്ടതുമാണ്.

വർക്ക് ബില്ലിനോടൊപ്പം ബന്ധപ്പെട്ട അനുബന്ധരേഖകള്, എം.ബുക്ക്, പ്രവർത്തി ആരംഭിക്കുന്നതിനു മുമ്പുള്ള നിലയിലും, പൂർത്തികരിച്ച നിലയിലുമുളള ഫോട്ടോകൾ എന്നിവ നിർവ്വഹണ ഉദ്യോഗസ്ഥൻ ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്. ജില്ലാ പട്ടികജാതി വികസന ഓഫീസർ , പരിശോധനാ റിപ്പോർട്ട് സഹിതം ജില്ലാ പ്ലാനിംഗ് ഓഫിസർക്ക് സമർപ്പിക്കേണ്ടതും ബന്ധപ്പെട്ട ഫിനാൻസ് ഓഫിസർ, അലോട്ട്മെൻറ് ലെറ്റർ നിർവ്വഹണ ഉദ്ധ്യോഗസ്ഥന് നൽകേണ്ടതുമാണ്. ഫൈനൽ ബില്ലിനോടൊപ്പം വർക്ക് പൂർത്തികരണ സർട്ടിഫിക്കറ്റ്/ വിനിയോഗ സർട്ടിഫിക്കറ്റ്/ കമ്മീഷനിംഗ് സർട്ടിഫിക്കറ്റ് എന്നിവ നിർവ്വഹണ ഉദ്യോഗസ്ഥൻ ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് സമർപ്പിക്കേണ്ടതുമാണ്. ടി പദ്ധതി 2023- 2024 സാമ്പത്തിക വർഷം പൂർത്തികരിക്കേണ്ടതുമാണ്

(ഒപ്പ്)

**ജില്ലാ കളക്ടർ**
**കോട്ടയം**

ഉത്തരവിൻ പ്രകാരം,

**Signed by M S Sunil**
**Date: 16-03-2024 13:21:26**

ജില്ലാ പട്ടികജാതി വികസന ഓഫീസർ

പകർപ്പ്:-

1) ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്,തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2) ഫിനാൻസ് ഓഫീസർ,കോട്ടയം (അലോട്ട്മെന്റ് നൽകുന്നതിന്)
3) ജില്ലാ പ്ലാനിങ് ഓഫീസർ,കോട്ടയം
4) അസി. എക്സിക്യൂട്ടീവ് എൻജിനീയർ, എൽ.എസ് ജി.ഡി പളളം ,മാടപ്പളളി, കാഞ്ഞിരപ്പളളി,കോട്ടയംമുൻസിപ്പാലിറ്റി, വാഴൂർ,ബ്ലോക്ക്
5) സ്റ്റോക്ക് ഫയൽ / സ്പെയർ

## കോട്ടയം ജില്ലാ കളക്ടറുടെ നടപടി ഉത്തരവ്
## (ഹാജർ : പി.കെ. ജയശ്രീ ഐ.എ.എസ്.)

..........

വിഷയം :- പട്ടികജാതി വികസനം - പട്ടികജാതി വികസന വകുപ്പിന്റെ 2022-23 സാമ്പത്തിക വർഷത്തെ കോർപ്പസ് ഫണ്ട് - തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിലെ KPMS ശ്മശാനം - കടമാൻചിറ എസ്.സി. കോളനി റോഡ് പൂർത്തീകരണം എന്ന പദ്ധതിക്ക് ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

പരാമർശം :-(1) സ.ഉ.(സാധാ) നം.505/2021/പജ.പവ.വിവ. തീയതി 15.05.2021

(2) സ.ഉ.(കൈ) നം.68/2014/പജ.പവ.വിവ. തീയതി 18.09.2014.

(3) പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 26.05.2022 ലെ SCDD/3398/2022-P2 (PL) നമ്പർ ഉത്തരവ്.

(4) 22.09.2022 ൽ ചേർന്ന ജില്ലാതല പട്ടികജാതി പട്ടികവർഗ്ഗ വികസന സമിതി യോഗത്തിന്റെ തീരുമാനം.

---

**ഉത്തരവ് നമ്പർ :സി-3268/22/KTM(1)** **തീയതി : 25.10.2022**

---

പട്ടികജാതി ഉപപദ്ധതിയിൽ വിഭാവനം ചെയ്യപ്പെട്ടിരിക്കുന്ന പദ്ധതികളിലുള്ള വിടവ് നികത്തുന്നതിനായി പ്രോജക്ടുകളുടെ അടിസ്ഥാനത്തിൽ തുക അനുവദിക്കുന്നതിനുള്ള ശീർഷകമായ കോർപ്പസ് ഫണ്ട് ഇനത്തിൽ 2014-15 സാമ്പത്തിക വർഷം മുതൽ വകയിരുത്തിയിട്ടുള്ള തുകയുടെ മൂന്നിലൊന്ന് തുക ജില്ലാ തലത്തിൽ വിനിയോഗിക്കണമെന്നും ഇതിൽ 25 ലക്ഷം രൂപ വരെയുള്ള പദ്ധതികളുടെ ഭരണാനുമതി ഉത്തരവ് ജില്ലാതലത്തിൽ നൽകാമെന്നും ബഡ്ജറ്റിൽ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ ഇത്തരത്തിലുള്ള ഭരണാനുമതി ഉത്തരവ് നൽകുന്നതിന് ജില്ലാ തലത്തിൽ ഒരു കമ്മറ്റി രൂപീകരിക്കുവാനും നിർദ്ദേശമുണ്ട്.

2014-15, 2015-16, 2016-17, 2018-19, 2019-20, 2021-22 സാമ്പത്തിക വർഷങ്ങളിൽ പദ്ധതി നിർവ്വഹണത്തിനായി സ്വീകരിച്ച നടപടി ക്രമങ്ങളുടെ സമാന മാതൃകയിൽ 2022-23 സാമ്പത്തികവർഷവും പദ്ധതി നിർവ്വഹണത്തിനായി പരാമർശം (1) പ്രകാരം സർക്കാർ അനുമതി നൽകുകയും നടപ്പ് സാമ്പത്തിക വർഷം കോർപ്പസ് ഫണ്ട് ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയുടെ 1/3 തുക ഇതിനായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

വിവിധ ജില്ലകളിലെ പട്ടികജാതി ജനസംഖ്യയ്ക്ക് ആനുപാതികമായി പട്ടികജാതി വികസനവുമായി ബന്ധപ്പെട്ട പദ്ധതികളുടെ വിടവ് നികത്തുന്നതിനും തദനുസരണമായ പ്രോജക്ടുകൾ കണ്ടെത്തി നടപ്പിലാക്കുന്നതിനും, കോർപ്പസ് ഫണ്ട് ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയുടെ 1/3 തുകയിൽ 1500 ലക്ഷം രൂപ (ആയിരത്തി അഞ്ഞൂറ് ലക്ഷം രൂപ മാത്രം) പട്ടികജാതി ജനസംഖ്യയ്ക്ക് ആനുപാതികമായി വിവിധ ജില്ലാ കളക്ടർമാർക്ക് അനുവദിക്കുകയും ജില്ലകൾക്ക് അനുവദിക്കുന്ന ഈ ഫണ്ട് ചെലവഴിക്കുന്നതിനുള്ള കമ്മറ്റി രൂപീകരിക്കുന്നതിനും പദ്ധതി നടപ്പിലാക്കുന്നതിനും വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പരാമർശം (2) ലെ സർക്കാർ ഉത്തരവു പ്രകാരം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും, ജില്ലാ കളക്ടർ മെമ്പർ സെക്രട്ടറിയും, ജില്ലാ പ്ലാനിംഗ് ഓഫീസർ കൺവീനറും, ജില്ലാ പട്ടികജാതി വികസന ഓഫീസർ മെമ്പറുമായ ജില്ലാതല പട്ടികജാതി പട്ടികവർഗ്ഗ വികസന സമിതിയുടെ അംഗീകാരത്തിന് വിധേയമായിട്ടായിരിക്കും പദ്ധതി നടപ്പിലാക്കുന്നത്. പരാമർശം (3) ലെ ഉത്തരവു പ്രകാരം കോർപ്പസ് ഫണ്ട് വിഹിതമായി കോട്ടയം ജില്ലയ്ക്ക് 75 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

പരാമർശം (4) പ്രകാരം 22.09.2022 ൽ ചേർന്ന ജില്ലാതല പട്ടികജാതി പട്ടികവർഗ്ഗ വികസന സമിതി യോഗം ലഭ്യമായ പദ്ധതി നിർദ്ദേശങ്ങൾ ചർച്ച ചെയ്യുകയും അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി. മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെ പറയുന്ന പദ്ധതിക്ക് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

| ക്രമ നം. | പദ്ധതിയുടെ പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതി നിർദ്ദേശം | അനുവദിച്ച തുക |
|---|---|---|---|---|
| 1 | തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിലെ KPMS ശ്മശാനം - കടമാൻചിറ എസ്.സി. കോളനി റോഡ് പൂർത്തീകരണം | അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി. മാടപ്പള്ളി ബ്ലോക്ക് | റോഡ് സംരക്ഷണ ഭിത്തി ഉള്ള ഭാഗത്ത് 36 മീ. നീളത്തിൽ കോൺക്രീറ്റിംഗ്. സംരക്ഷണ ഭിത്തി ഇല്ലാത്ത 79 മീ. ഭാഗത്ത് സംരക്ഷണ ഭിത്തി നിർമ്മിച്ച് മണ്ണ് ഫില്ലിംഗ്, ഡ്രയിനേജ് സംരക്ഷണ ഭിത്തി കവർ സ്ലാബ് ഇട്ട് മൂടുന്നു. - | 1424000 |

മേൽ സാഹചര്യത്തിൽ മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിലെ അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് മേൽ പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിക്കൊണ്ടും പദ്ധതി വിഹിതമായ 14,24,000/- രൂപ (പതിനാല് ലക്ഷത്തി ഇരുപത്തിനാലായിരം രൂപ മാത്രം) അനുവദിച്ചുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു. നിർവ്വഹണ ഉദ്യോഗസ്ഥൻ പദ്ധതി തുടങ്ങുന്നതിനുമുമ്പായി ബന്ധപ്പെട്ട അധികാരിയിൽ നിന്നും സാങ്കേതിക അനുമതി വാങ്ങേണ്ടതാണ്. പ്രവൃത്തി ആരംഭിക്കുന്നതിന് മുമ്പുള്ള സ്ഥിതി വ്യക്തമാക്കിയുള്ള ഫോട്ടോ ഗ്രാഫുകൾ സൂക്ഷിക്കേണ്ടതുമാണ്.

പദ്ധതി പൂർത്തിയാക്കി വർക്ക് ബില്ലുകൾ നിർവ്വഹണ ഉദ്യോഗസ്ഥൻ സമർപ്പിക്കുന്ന മുറയ്ക്ക് ജില്ലാ പട്ടികജാതി വികസന ഓഫീസർ, ജില്ലാ പ്ലാനിംഗ് ഓഫീസറുടെ ശുപാർശയോടെ, ജില്ലാ കളക്ടർക്ക് സമർപ്പിക്കേണ്ടതും ജില്ലാ കളക്ടർ അനുവദനീയമായ തുകയ്ക്കുള്ള അലോട്ട്മെന്റ് ലെറ്റർ നിർവ്വഹണ ഉദ്യോഗസ്ഥന് നൽകുന്നതുമാണ്.

വർക്ക് ബില്ലിനോടൊപ്പം ബന്ധപ്പെട്ട അനുബന്ധ രേഖകൾ, എം. ബുക്ക്, പ്രവൃത്തി പൂർത്തീകരിച്ച നിലയിലുള്ള ഫോട്ടോ എന്നിവ നിർവ്വഹണ ഉദ്യോഗസ്ഥൻ, ജില്ലാ പട്ടികജാതി

വികസന ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്. ജില്ലാ പട്ടികജാതി വികസന ഓഫീസർ, പരിശോധന റിപ്പോർട്ട് സഹിതം ജില്ലാ പ്ലാനിംഗ് ഓഫീസർ വഴി കരട് ഉത്തരവ് ജില്ലാ കളക്ടർക്ക് സമർപ്പിക്കേണ്ടതും ബന്ധപ്പെട്ട ഫിനാൻസ് ഓഫീസർ, അലോട്ട്മെന്റ് ലെറ്റർ നിർവ്വഹണ ഉദ്യോഗസ്ഥന് നൽകേണ്ടതുമാണ്. ഫൈനൽ ബില്ലിനോടൊപ്പം വർക്ക് പൂർത്തീകരണ സർട്ടിഫിക്കറ്റ്/വിനിയോഗ സർട്ടിഫിക്കറ്റ്/കമ്മീഷനിംഗ് സർട്ടിഫിക്കറ്റ് എന്നിവ നിർവ്വഹണ ഉദ്യോഗസ്ഥൻ, ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് സമർപ്പിക്കേണ്ടതുമാണ്. ടി പദ്ധതി 2023 ഫെബ്രുവരി 28 നകം പൂർത്തീകരിക്കേണ്ടതാണ്.

**(ഒപ്പ്)**
**ജില്ലാ കളക്ടർ**
**കോട്ടയം**

പകർപ്പ്:-

(1) അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി., മാടപ്പള്ളി ബ്ലോക്ക്.
(2) ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.
(3) ജില്ലാ പ്ലാനിംഗ് ഓഫീസർ, കോട്ടയം.
(4) സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്, മാടപ്പള്ളി
(5) പട്ടികജാതി വികസന ഓഫീസർ ഗ്രേഡ്-I, മാടപ്പള്ളി ബ്ലോക്ക്.
(6) കരുതൽ ഫയൽ

**ഉത്തരവിൻ പ്രകാരം**

**ജില്ലാ പട്ടികജാതി വികസന ഓഫീസർ**

ks

**കോട്ടയം ജില്ലാ കളക്ടറുടെ നടപടി ഉത്തരവ്**
**(ഹാജർ : പി.കെ. ജയശ്രീ ഐ.എ.എസ്.)**

..........

വിഷയം :- പട്ടികജാതി വികസനം - പട്ടികജാതി വികസന വകുപ്പിന്റെ 2022-23 സാമ്പത്തിക വർഷത്തെ കോർപ്പസ് ഫണ്ട് - പായിപ്പാട് ഗ്രാമപഞ്ചായത്തിലെ അറുനൂറിൽ പുതുവൽ എസ്.സി കോളനി റോഡ് സംരക്ഷണഭിത്തി നിർമ്മാണം എന്ന പദ്ധതിക്ക് ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

പരാമർശം :-(1) സ.ഉ.(സാധാ) നം.505/2021/പജ.പവ.വിവ. തീയതി 15.05.2021

(2) സ.ഉ.(കൈ) നം.68/2014/പജ.പവ.വിവ. തീയതി 18.09.2014.

(3) പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 26.05.2022 ലെ SCDD/3398/2022-P2 (PL) നമ്പർ ഉത്തരവ്.

(4) 16.12.2022022 ൽ ചേർന്ന ജില്ലാതല പട്ടികജാതി പട്ടികവർഗ്ഗ വികസന സമിതി യോഗത്തിന്റെ തീരുമാനം.

---

**ഉത്തരവ് നമ്പർ :സി-3268/22/KTM(3)** **തീയതി : 09.01.2023**

---

പട്ടികജാതി ഉപപദ്ധതിയിൽ വിഭാവനം ചെയ്യപ്പെട്ടിരിക്കുന്ന പദ്ധതികളിലുള്ള വിടവ് നികത്തുന്നതിനായി പ്രോജക്ടുകളുടെ അടിസ്ഥാനത്തിൽ തുക അനുവദിക്കുന്നതിനുള്ള ശീർഷകമായ കോർപ്പസ് ഫണ്ട് ഇനത്തിൽ 2014-15 സാമ്പത്തിക വർഷം മുതൽ വകയിരുത്തിയിട്ടുള്ള തുകയുടെ മൂന്നിലൊന്ന് തുക ജില്ലാ തലത്തിൽ വിനിയോഗിക്കണമെന്നും ഇതിൽ 25 ലക്ഷം രൂപ വരെയുള്ള പദ്ധതികളുടെ ഭരണാനുമതി ഉത്തരവ് ജില്ലാതലത്തിൽ നൽകാമെന്നും ബഡ്ജറ്റിൽ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ ഇത്തരത്തിലുള്ള ഭരണാനുമതി ഉത്തരവ് നൽകുന്നതിന് ജില്ലാ തലത്തിൽ ഒരു കമ്മറ്റി രൂപീകരിക്കുവാനും നിർദ്ദേശമുണ്ട്.

2014-15, 2015-16, 2016-17, 2018-19, 2019-20, 2021-22 സാമ്പത്തിക വർഷങ്ങളിൽ പദ്ധതി നിർവ്വഹണത്തിനായി സ്വീകരിച്ച നടപടി ക്രമങ്ങളുടെ സമാന മാതൃകയിൽ 2022-23 സാമ്പത്തികവർഷവും പദ്ധതി നിർവ്വഹണത്തിനായി പരാമർശം (1) പ്രകാരം സർക്കാർ അനുമതി നൽകുകയും നടപ്പ് സാമ്പത്തിക വർഷം കോർപ്പസ് ഫണ്ട് ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയുടെ 1/3 തുക ഇതിനായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

വിവിധ ജില്ലകളിലെ പട്ടികജാതി ജനസംഖ്യയ്ക്ക് ആനുപാതികമായി പട്ടികജാതി വികസനവുമായി ബന്ധപ്പെട്ട പദ്ധതികളുടെ വിടവ് നികത്തുന്നതിനും തദനുസരണമായ പ്രോജക്ടുകൾ കണ്ടെത്തി നടപ്പിലാക്കുന്നതിനും, കോർപ്പസ് ഫണ്ട് ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയുടെ 1/3 തുകയിൽ 1500 ലക്ഷം രൂപ (ആയിരത്തി അഞ്ഞൂറ് ലക്ഷം രൂപ മാത്രം) പട്ടികജാതി ജനസംഖ്യയ്ക്ക് ആനുപാതികമായി വിവിധ ജില്ലാ കളക്ടർമാർക്ക് അനുവദിക്കുകയും ജില്ലകൾക്ക് അനുവദിക്കുന്ന ഈ ഫണ്ട് ചെലവഴിക്കുന്നതിനുള്ള കമ്മറ്റി

രൂപീകരിക്കുന്നതിനും പദ്ധതി നടപ്പിലാക്കുന്നതിനും വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പരാമർശം (2) ലെ സർക്കാർ ഉത്തരവു പ്രകാരം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും, ജില്ലാ കളക്ടർ മെമ്പർ സെക്രട്ടറിയും, ജില്ലാ പ്ലാനിംഗ് ഓഫീസർ കൺവീനറും, ജില്ലാ പട്ടികജാതി വികസന ഓഫീസർ മെമ്പറുമായ ജില്ലാതല പട്ടികജാതി പട്ടികവർഗ്ഗ വികസന സമിതിയുടെ അംഗീകാരത്തിനു വിധേയമായിട്ടായിരിക്കും പദ്ധതി നടപ്പിലാക്കുന്നത്. പരാമർശം (3) ലെ ഉത്തരവു പ്രകാരം കോർപ്പസ് ഫണ്ട് വിഹിതമായി കോട്ടയം ജില്ലയ്ക്ക് 75 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

പരാമർശം (4) പ്രകാരം 16.12.2022 ൽ ചേർന്ന ജില്ലാതല പട്ടികജാതി പട്ടികവർഗ്ഗ വികസന സമിതി യോഗം ലഭ്യമായ പദ്ധതി നിർദ്ദേശങ്ങൾ ചർച്ച ചെയ്യുകയും അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി. മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെ പറയുന്ന പദ്ധതിക്ക് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

| ക്രമ നം. | പദ്ധതിയുടെ പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതി നിർദ്ദേശം | അനുവദിച്ച തുക |
|---|---|---|---|---|
| 1 | അറുനൂറിൽ പുതുവൽ എസ്.സി കോളനി റോഡ് സംരക്ഷണഭിത്തി നിർമ്മാണം - പായിപ്പാട് ഗ്രാമപഞ്ചായത്ത് | അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി. മാടപ്പള്ളി ബ്ലോക്ക് | റോഡ് സംരക്ഷണഭിത്തി നിർമ്മാണം | 2363000 |

മേൽ സാഹചര്യത്തിൽ മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിലെ അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് മേൽ പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിക്കൊണ്ടും പദ്ധതി വിഹിതമായ 2363000/- രൂപ ( ഇരുപത്തിമൂന്ന് ലക്ഷത്തി അറുപത്തിമൂവായിരം രൂപ മാത്രം) അനുവദിച്ചുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു. നിർവ്വഹണ ഉദ്യോഗസ്ഥൻ പദ്ധതി തുടങ്ങുന്നതിനുമുമ്പായി ബന്ധപ്പെട്ട അധികാരിയിൽ നിന്നും സാങ്കേതിക അനുമതി വാങ്ങേണ്ടതാണ്. പ്രവൃത്തി ആരംഭിക്കുന്നതിന് മുമ്പുള്ള സ്ഥിതി വ്യക്തമാക്കിയുള്ള ഫോട്ടോ ഗ്രാഫുകൾ സൂക്ഷിക്കേണ്ടതുമാണ്.

പദ്ധതി പൂർത്തിയാക്കി വർക്ക് ബില്ലുകൾ നിർവ്വഹണ ഉദ്യോഗസ്ഥൻ സമർപ്പിക്കുന്ന മുറയ്ക്ക് ജില്ലാ പട്ടികജാതി വികസന ഓഫീസർ, ജില്ലാ പ്ലാനിംഗ് ഓഫീസറുടെ ശുപാർശയോടെ, ജില്ലാ കളക്ടർക്ക് സമർപ്പിക്കേണ്ടതും ജില്ലാ കളക്ടർ അനുവദനീയമായ തുകയ്ക്കുള്ള അലോട്ട്മെന്റ് ലെറ്റർ നിർവ്വഹണ ഉദ്യോഗസ്ഥന് നൽകുന്നതുമാണ്.

വർക്ക് ബില്ലിനോടൊപ്പം ബന്ധപ്പെട്ട അനുബന്ധ രേഖകൾ, എം. ബുക്ക്, പ്രവൃത്തി പൂർത്തീകരിച്ച നിലയിലുള്ള ഫോട്ടോ എന്നിവ നിർവ്വഹണ ഉദ്യോഗസ്ഥൻ, ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്. ജില്ലാ പട്ടികജാതി വികസന ഓഫീസർ, പരിശോധന റിപ്പോർട്ട് സഹിതം ജില്ലാ പ്ലാനിംഗ് ഓഫീസർ വഴി കരട് ഉത്തരവ് ജില്ലാ കളക്ടർക്ക് സമർപ്പിക്കേണ്ടതും ബന്ധപ്പെട്ട ഫിനാൻസ് ഓഫീസർ, അലോട്ട്മെന്റ് ലെറ്റർ

നിർവ്വഹണ ഉദ്യോഗസ്ഥന് നൽകേണ്ടതുമാണ്. ഫൈനൽ ബില്ലിനോടൊപ്പം വർക്ക് പൂർത്തീകരണ സർട്ടിഫിക്കറ്റ്/വിനിയോഗ സർട്ടിഫിക്കറ്റ്/കമ്മീഷനിംഗ് സർട്ടിഫിക്കറ്റ് എന്നിവ നിർവ്വഹണ ഉദ്യോഗസ്ഥൻ, ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് സമർപ്പിക്കേണ്ടതുമാണ്. ടി പദ്ധതി 2023 ഫെബ്രുവരി 28 നകം പൂർത്തീകരിക്കേണ്ടതാണ്.

(ഒപ്പ്)
**ജില്ലാ കളക്ടർ**
**കോട്ടയം**

<u>പകർപ്പ്:-</u>

(1) അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി., മാടപ്പള്ളി ബ്ലോക്ക്.
(2) ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.
(3) ജില്ലാ പ്ലാനിംഗ് ഓഫീസർ, കോട്ടയം.
(4) സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്, മാടപ്പള്ളി
(5) പട്ടികജാതി വികസന ഓഫീസർ ഗ്രേഡ്-I, മാടപ്പള്ളി ബ്ലോക്ക്.
(6) കരുതൽ ഫയൽ

ks

**ഉത്തരവിൻ പ്രകാരം**

**ജില്ലാ പട്ടികജാതി വികസന ഓഫീസർ**

<u>കോട്ടയം ജില്ലാ കളക്ടറുടെ നടപടി ഉത്തരവ്</u>

(നിലവിൽ: ജോൺ വി സാമുവൽ ഐ എ എസ്)

വിഷയം:-പട്ടികജാതി വികസനം- പട്ടികജാതി വികസന വകുപ്പിൻറെ **2023-24** സാമ്പത്തിക വർഷത്തെ കോർപ്പസ് ഫണ്ട്- മാടപ്പള്ളി ഗ്രാമ പഞ്ചായത്തിലെ വെള്ളുക്കുന്ന് കുടിവെള്ള പദ്ധതി എന്ന പദ്ധതിക്ക് പുതുക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്

പരാമർശം:-

1) കോട്ടയം ജില്ലാ കളക്ടറുടെ **15.02.2024** ലെ **DDOKTM /289/2023-SA** നം ഉത്തരവ്
2) അസി. എക്സിക്യൂട്ടിവ് എൻജിനീയർ എൽ .എസ്.ജി ഡി മാടപ്പള്ളി ബ്ലോക്കിൻറെ **13.02.2024** തീയതിയിലെ **425/AEE/LSGD/MDPLY** നം .കത്ത്.
3) **05.06.2025** ൽ ചേർന്ന ജില്ലാതല പട്ടികജാതി പട്ടികവർഗ്ഗ വികസന സമിതിയോഗ തീരുമാനം

**No:DDOKTM/289/2023-SA** **Date:25-06-2025**

പട്ടികജാതി വികസന വകുപ്പിൻറെ **2023-24** സാമ്പത്തിക വർഷത്തെ കോർപ്പസ് ഫണ്ട്- മാടപ്പള്ളി ഗ്രാമ പഞ്ചായത്തിലെ വെള്ളുക്കുന്ന് കുടിവെള്ള പദ്ധതി എന്ന പദ്ധതിക്ക് ഭരണാനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവ് ലഭിച്ചിരുന്നു.

ഭരണാനുമതി ലഭിച്ച ടി വർക്ക് തുടങ്ങിയപ്പോൾ സൈറ്റിലെ ചില സാഹചര്യങ്ങൾ കാരണം ചില ഐറ്റങ്ങളിൽ വ്യതിയാനം വരുത്തേണ്ടതായി വന്നു എന്നും പദ്ധതിയുമായി ബന്ധപ്പെട്ട് സ്ഥാപിച്ച ടാങ്കിലേയ്ക്ക് കയറുന്നതിന് അധികമായി ഒരു സ്റ്റേയർ നിർമ്മിക്കുകയും അതിനോടൊപ്പം തന്നെ ടാങ്ക് വൃത്തിയാക്കുന്നതിനായി ടാങ്കിനുചുറ്റും ഒരാൾക്ക് നിൽക്കാൻ പാകത്തിന് പ്ലാറ്റ്ഫോം നിർമ്മിക്കേണ്ടതായും വന്നു. കൂടാതെ 4 വീടുകളിലേയ്ക്കും കൂടി അധികമായി പൈപ്പ് ലൈൻ സ്ഥാപിക്കേണ്ടതായി വന്നു. ടി സാഹചര്യത്തിൽ അസി. എക്സിക്യൂട്ടിവ് എൻജിനീയർ എൽ.എസ്.ജി.ഡി മാടപ്പള്ളി ബ്ലോക്കിൻറെ പരാമർശം (2) പ്രകാരം പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്.

**15.02.2024** ൽ ഭരണാനുമതി നൽകിയ പ്രവർത്തികൾ

| ക്രമ നം | പദ്ധതിയുടെ പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതി നിർദ്ദേശം | അനുവദിച ്ച തുക |
|---|---|---|---|---|
| | | | 1.പംമ്പിംഗ് മെയിൻ പൈപ്പ്-365 മീ<br>2.ഡിസ്ട്രിബ്യൂഷൻ | |

| | | | | |
|---|---|---|---|---|
| 1 | വെള്ളുക്കുന്ന് കുടിവെള്ള പദ്ധതി പൂർത്തികരണം—മാടപ്പള്ളി പഞ്ചായത്ത്- | അസി. എക്സിക്യൂട്ടിവ് എൻജിനീയർ എൽ.എസ്.ജി.ഡി, മാടപ്പള്ളി ബ്ലോക്ക് | പൈപ്പ് 65 എം എം ൻറെ 108 മീ<br>3.ഗാർഹിക കണക്ഷൻ-40<br>4.പി സിസി ടാങ്ക് സ്ഥാപിക്കുന്നതിൻറെ സ്റ്റീൽ ടവർ<br>5. പി സിസി ടാങ്ക്-10,000 ലിറ്റർ<br>6.12.5 എച്ച് പി .പംമ്പിംഗ് ഇലക്ട്രിക്ക് മോട്ടർ അനുബന്ധ ഉപകരണം.<br>7. വൈദ്യുത കണക്ഷൻ | ₹ 18,00,000 /- |

പുതിക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവർത്തികൾ

| ക്രമ നം | പദ്ധതിയുടെ പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതി നിർദ്ദേശം | അനുവദിച്ച തുക |
|---|---|---|---|---|
| 1 | വെള്ളുക്കുന്ന് കുടി വെള്ള പദ്ധതി പൂർത്തികരണം—മാടപ്പള്ളി പഞ്ചായത്ത്- | അസി. എക്സിക്യൂട്ടിവ് എൻജിനീയർ എൽ.എസ്.ജി.ഡി, മാടപ്പള്ളി ബ്ലോക്ക് | 1.പംമ്പിംഗ് മെയിൻ പൈപ്പ്-365 മീ<br>2.ഡിസ്ട്രിബ്യൂഷൻ പൈപ്പ് 65 എം എം ൻറെ 108 മീ<br>3.ഗാർഹിക കണക്ഷൻ-40<br>4.പി സിസി ടാങ്ക് സ്ഥാപിക്കുന്നതിൻറെ സ്റ്റീൽ ടവർ<br>5. പി സിസി ടാങ്ക്-10,000 ലിറ്റർ<br>6.12.5 എച്ച് പി .പംമ്പിംഗ് ഇലക്ട്രിക്ക് മോട്ടർ അനുബന്ധ ഉപകരണം.<br>7. വൈദ്യുത കണക്ഷൻ<br>8.ടാങ്കിലേയ്ക്ക് കയറുന്നതിന് | ₹18,00,000 /- |

| | | | | | |
|---|---|---|---|---|---|
| | | | കൂടുതലായി ഒരു സ്റ്റേയർ നിർമ്മിച്ചു<br>9. ടാങ്ക് വൃത്തിയാക്കുന്നതിനായി ടാങ്കിനുചുറ്റും ഒരാൾക്ക് നിൽക്കാൻ പാകത്തിന് പ്ലാറ്റ്ഫോം നിർമ്മിച്ചു<br>10. 4 വീടുകൾക്ക് അധികമായി പൈപ്പ് ലൈൻ സ്ഥാപിച്ചു | |

ജില്ലാ പ്ലാനിംഗ് ഓഫിസറും ജില്ലാ പട്ടികജാതി വികസന ഓഫിസറും സംയുക്തമായി നടത്തിയ സ്ഥലപരിശോധനയിൽ മേൽ പദ്ധതിയിൽ പറഞ്ഞിരിക്കുന്ന പ്രവർത്തികൾ ചെയ്തിട്ടുണ്ട് എന്ന് എന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. പരാമർശം (3) പ്രകാരം 05.06.2025 ൽ ചേർന്ന ജില്ലാതല പട്ടികജാതി പട്ടികവർഗ്ഗ വികസന സമിതിയോഗത്തിൽ ഈ വിഷയം ചർച്ചചെയ്ത് ടി പ്രവർത്തിയ്ക്ക് സാധൂകരണം നൽകി പുതുക്കിയ എസ്റ്റിമേറ്റിന് അംഗീകാരം നൽകാവുന്നതാണ് എന്ന് യോഗം തീരുമാനിച്ചു. മേൽ സാഹചര്യത്തിൽ പുതുക്കിയ എസ്റ്റിമേറ്റിന് നിലവിൽ അംഗീകരിച്ചിരിക്കുന്ന തുകയിൽ വ്യത്യാസം വരാത്തവിധത്തിൽ ഭരണാനുമതി നൽകി ഉത്തരവാകുന്നു.

Signed by
Sunil M S
Date: 25-06-2025 13:58:48

ഡിഡിഒ

ഡിപിഒ

ജില്ലാ പഞ്ചായത്ത് പ്രസിഡൻറ്& ചെയർപേഴ്സൺ

ജില്ലാ കളക്ടർ
കോട്ടയം

പകർപ്പ്:

1. അസി. എക്സിക്യൂട്ടിവ് എൻജിനീയർ, എൽ .എസ്.ജി ഡി മാടപ്പള്ളി ബ്ലോക്ക്
2. ഫിനാൻസ് ഓഫീസർ, കളക്ടറേറ്റ്, കോട്ടയം (അലോട്ട്മെന്റ് നൽകുന്നതിന്)
3. ജില്ലാ പ്ലാനിങ് ഓഫീസർ, കോട്ടയം
4. ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ, മാടപ്പള്ളി

5. സ്റ്റോക്ക് ഫയൽ / സ്പെയർ

/60151/2024

... FOR SC
...TTAYAM
17/02/24
...
Section C

## പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ നടപടി ഉത്തരവ്

(നിലവിൽ: കെ.ഗോപാലകൃഷ്ണൻ ഐ എ എസ്.)

വിഷയം:- പട്ടികജാതി വികസനം-അംബേദ്ക്കർ ഗ്രാമ വികസന പദ്ധതി (2023-24)- ഭരണാനുമതി നൽകി - കോട്ടയം ജില്ലയിലെ മുതലപ്ര കോളനിയെ (2021-22) വർഷത്തിൽ നിന്നും റദ്ദ് ചെയ്തുകൊണ്ടും 2023-24 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തികൊണ്ടും എസ്റ്റിമേറ്റ് അംഗീകരിച്ച് കൊണ്ടും ഉത്തരവാകുന്നു.

പരാമർശം:-

1) സ.ഉ(കൈ) നം.15/2017/പജ.പവ.വിവ തീയതി 18.03.2017
2) സ.ഉ.(കൈ) നം.54/2021/പജ.പവ.വിവ തീയതി 03.12.2021
3) സ.ഉ(കൈ) നം. 10/2023/പജ.പവ.വിവ. തിയതി. 06.05.2023
4) സ.ഉ(സാധാ) നം. 38/2024/പജ.പവ.വിവ. തിയതി. 03.02.2024
5) പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 24.03.2022,21.05.2022 തീയതികളിലെ ഡെവ. സി.1-12395/21നമ്പർ ഉത്തരവുകൾ.
6) കോട്ടയം ജില്ലാ പട്ടികജാതി വികസന ആഫീസറുടെ 23.01.2023,14.11.2023 തീയതികളിലെ സി-3527/22 നമ്പർ കത്തുകൾ

No:SCDD/1698/2023-C1 (DEV C) Date:14-02-2024

അടിസ്ഥാന സൗകര്യ വികസനത്തിൽ പിന്നാക്കം നിൽക്കുന്നതുംഇരുപത്തഞ്ചോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതും വികസന പ്രവർത്തനങ്ങൾ ആവശ്യമുള്ളതുമായ കോളനികളെ തെരഞ്ഞെടുത്ത് ഒരു കോടി രൂപ വരെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിന് പരാമർശം (3) പ്രകാരം ഉത്തരവായിട്ടുള്ളതും പരാമർശം (5) പ്രകാരം മുതലപ്ര കോളനിയെ തെരഞ്ഞെടുക്കുകയും നിർവ്വഹണ ഏജൻസിയായി സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരളാ ലിമിറ്റഡ്-നെ അംഗീകരിക്കുകയും ചെയ്തിരുന്നു. ടി കോളനിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 20,00,000/- രൂപ കോട്ടയം ജില്ലാ പട്ടികജാതി വികസന ആഫീസർക്ക് അനുവദിക്കുകയും ചെയ്തിരുന്നു.

പരാമർശം(4) പ്രകാരം 2023-24 വർഷത്തിലേയ്ക്ക് 62 കോളനികളെ തെരഞ്ഞെടുത്തുകൊണ്ടും ഭരണാനുമതി നൽകിക്കൊണ്ടും സർക്കാർ ഉത്തരവായിട്ടുണ്ട്.

2021-22 വർഷത്തെ അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയെങ്കിലും സമയബന്ധിതമായി എസ്റ്റിമേറ്റ് സമർപ്പിയ്ക്കാത്തതിനാൽ കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിലെ മുതലപ്ര കോളനിയെ 2021-22 വർഷത്തിൽ നിന്നും റദ്ദ് ചെയ്യേണ്ടതുണ്ട്. എന്നാൽ ടി കോളനിയിൽ അംബേദ്കർ ഗ്രാമ വികസന പദ്ധതി നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത പരിഗണിച്ച് 2023-24 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ് എന്നു കാണുന്നു.

ഏജൻസിയായ തൃശ്ശൂർ, സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരളാ ലിമിറ്റഡ് കോട്ടയം ജില്ലാ പട്ടികജാതി വികസന ആഫീസർ മുഖേന താഴെ പറയുന്ന പ്രവൃത്തികൾ ഉൾപ്പെട്ട എസ്റ്റിമേറ്റ്

ശുപാർശ ചെയ്ത് നൽകിയിട്ടുണ്ട്.

| ക്രമ നം | പ്രവൃത്തിയുടെ പേര് | തുക |
|---|---|---|
| 1 | House maintenance(22 nos) | 513903.36 |
| 2 | House maintenance (electrical) | 183712.24 |
| 3 | Tiolet maintenance(17 nos) | 420790.29 |
| 4 | Renovation of samskarika nilayam | 467451.34 |
| 5 | Renovation of anganvadi | 798879.91 |
| 6 | Public work maintenance-crash barrier | 125842.80 |
| 7 | Waste management for colony | 214702.56 |
| 8 | Drainage maintenance (Muthalapra to veliyam road) | 43513.80 |
| 9 | Concrete road(12 nos) | 1145813.01 |
| 10 | Side wall for road(14 nos) | 3508690.84 |
| | Total | 7423300.15 |
| | Centage(7%) | 519631.0105 |
| | Sub total | 7942931.16 |
| | GST(18%) | 1429727.608 |
| | Grand Total | 9372658.76 |

| | | | |
|---|---|---|---|
| | | Grand Total | 9372658.76 |
| | | Total round off | **93,72,659** |
| **Rupees ninety three lakhs seventy two thousand six hundred and fifty Nine only** | | | |

മേൽ സാഹചര്യത്തിൽ ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിലെ മുതലപ്ര കോളനിയെ 2021-22 വർഷത്തെ പദ്ധതിയിൽ നിന്നും റദ്ദ് ചെയ്തുകൊണ്ടും 2023-24 വർഷത്തെ അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ടും പരാമർശം (6) പ്രകാരം കോട്ടയം ജില്ലാ പട്ടികജാതി വികസന ഓഫീസർ മുഖേന ലഭ്യമാക്കിയിട്ടുള്ള മുതലപ്ര കോളനിയുടെ 93,72,659/-രൂപ (തൊണ്ണൂറ്റി മൂന്ന് ലക്ഷത്തി എഴുപത്തി രണ്ടായിരത്തി അറുന്നൂറ്റി അൻപത്തി ഒൻപത് രൂപ മാത്രം) എസ്റ്റിമേറ്റ് അംഗീകരിച്ചുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

House maintenance, Tiolet maintenance എന്നിവയുടെ unit cost പദ്ധതി മാനദണ്ഡപ്രകാരം മാത്രം അനുവദിക്കേണ്ടതാണ്.

നിലവിലുള്ള സർക്കാർ ഉത്തരവുകൾക്കും നിബന്ധനകൾക്കും വിധേയമായി അടിയന്തിര പ്രാധാന്യത്തോടെ നിയമാനുസൃതം പദ്ധതി നടപ്പാക്കേണ്ടതാണ്. ഇതിലേയ്ക്കാവശ്യമായ തുക നടപ്പ് സാമ്പത്തിക വർഷത്തെ "2225-01-283-85(Plan)" എന്ന ശീർഷകത്തിൽ നിന്നും കണ്ടെത്തേണ്ടതാണ്. നിലവിൽ പ്രവൃത്തി ആരംഭിക്കുന്നതിനു മുമ്പായി ഏജൻസി ജില്ലാ പട്ടികജാതി വികസന ഓഫീസറുമായി എം. ഒ. യു ഒപ്പു വെയ്ക്കേണ്ടതും കരാർ ഒപ്പു വച്ച് ഒരു വർഷത്തിനുള്ളിൽ നിർമ്മാണ പ്രവർത്തികൾ തൃപ്തികരമായി പൂർത്തികരിക്കാത്ത പക്ഷം ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് ഏജൻസി മാത്രം ഉത്തരവാദിയായിരിക്കും. നിലവിലുള്ള സർക്കാർ ഉത്തരവുകൾക്ക് വിധേയമായി നികുതികൾ ഏജൻസി ഒടുക്കേണ്ടതുമാണ്.

(ഒപ്പ്)
DIR SCDD

**Signed by Joseph John**
**Date: 14-02-2024 15:12:06**

ഡയറക്ടർക്കു വേണ്ടി
**ജോയിന്റ് ഡയറക്ടർ(വികസനം)**

പകർപ്പ്:-
1) ജില്ലാ പട്ടികജാതി വികസന ഓഫീസർ,കോട്ടയം
2) സ്റ്റീൽ ഇൻഡസ്ട്രിയൽസ് ട്രാവൻകൂർ ലിമിറ്റഡ്,തൃശ്ശൂർ
3) സ്റ്റോക്ക് ഫയൽ / സ്പെയർ

I/60407/2024

## പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ നടപടി ഉത്തരവ്

(നിലവിൽ: കെ.ഗോപാലകൃഷ്ണൻ ഐ എ എസ്.)

വിഷയം:- പട്ടികജാതി വികസനം-അംബേദ്കർ ഗ്രാമ വികസന പദ്ധതി (2023-24) - ഭരണാനുമതി നൽകി സമയബന്ധിതമായി പൂർത്തീകരിയ്ക്കാത്ത കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ വെള്ളൂക്കുന്ന് കോളനിയെ (2021-22) വർഷത്തിൽ നിന്നും റദ്ദ് ചെയ്തുകൊണ്ടും 2023-24 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തികൊണ്ടും എസ്റ്റിമേറ്റ് അംഗീകരിച്ച് കൊണ്ടും ഉത്തരവാകുന്നു.

പരാമർശം:-

1) സ.ഉ(കൈ)നം.15/2017/പജ.പവ.വിവ തീയതി18.03.2017
2) സ.ഉ.(കൈ) നം.54/2021/പജ.പവ.വിവ തീയതി 03.12.2021
3) സ.ഉ(കൈ) നം. 10/2023/പജ.പവ.വിവ. തിയതി. 06.05.2023
4) സ.ഉ(സാധാ) നം. 38/2024/പജ.പവ.വിവ. തിയതി. 03.02.2024
5) പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 24.03.2022,21.05.2022 തീയതികളിലെ ഡെവ. സി.1-12395/21 നമ്പർ ഉത്തരവുകൾ.
6) കോട്ടയം ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ 16.03.2023 ലെ സി-3522/2022 നമ്പർ കത്ത്
7) സ്റ്റീൽ ഇൻഡസ്ട്രിയൽസ് കോരളാ ലിമിറ്റഡ്-ന്റെ 25.10.2023 തീയതിയിലെ SILK/PED/Q-317/2023-24/2082 നമ്പർ കത്ത്

| No:SCDD/2326/2023-C1 (DEV C) | Date:15-02-2024 |
|---|---|

അടിസ്ഥാന സൗകര്യ വികസനത്തിൽ പിന്നാക്കം നിൽക്കുന്നതും ഇരുപത്തഞ്ചോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതും വികസന പ്രവർത്തനങ്ങൾ ആവശ്യമുള്ളതുമായ കോളനികളെ തെരഞ്ഞെടുത്ത് ഒരു കോടി രൂപ വരെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിന് പരാമർശം (3) പ്രകാരം ഉത്തരവായിട്ടുള്ളതും പരാമർശം (5) പ്രകാരം വെള്ളൂക്കുന്ന് കോളനിയെ തെരഞ്ഞെടുക്കുകയും നിർവ്വഹണ ഏജൻസിയായി സ്റ്റീൽ ഇൻഡസ്ട്രിയൽസ് കോരളാ ലിമിറ്റഡ്,തൃശ്ശൂർ-നെ അംഗീകരിക്കുകയും ചെയ്തിരുന്നു. ടി കോളനിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 20,00,000/- രൂപ കോട്ടയം ജില്ലാ പട്ടികജാതി വികസന ആഫീസർക്ക് അനുവദിക്കുകയും ചെയ്തിരുന്നു.

പരാമർശം(4) പ്രകാരം 2023-24 വർ ഷത്തിലേയ്ക്ക് 6 2 കോളനികളെ തെരഞ്ഞെടുത്തുകൊണ്ടും ഭരണാനുമതി നൽകിക്കൊണ്ടും സർക്കാർ ഉത്തരവായിട്ടുണ്ട്.

2021-22 വർഷത്തെ അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയെങ്കിലും സമയബന്ധിതമായി എസ്റ്റിമേറ്റ് സമർപ്പിയ്ക്കാത്തതിനാൽ കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരി

നിയോജക മണ്ഡലത്തിലെ വെള്ളൂക്കുന്ന് കോളനിയെ 2021-22 വർഷത്തിൽ നിന്നും റദ്ദ് ചെയ്യേണ്ടതുണ്ട്.ടി കോളനിയിൽ അംബേദ്കർ ഗ്രാമ വികസന പദ്ധതി നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത പരിഗണിച്ച് 2023-24 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ് എന്നു കാണുന്നു.

ഏജൻസിയായ തൃശ്ശൂർ സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരളാ ലിമിറ്റഡ് ,കോട്ടയം ജില്ലാ പട്ടികജാതി വികസന ആഫീസർ മുഖേന താഴെ പറയുന്ന പ്രവൃത്തികൾ ഉൾപ്പെട്ട എസ്റ്റിമേറ്റ് ശുപാർശ ചെയ്ത് നൽകിയിട്ടുണ്ട്.

| ക്രമ നം | പ്രവൃത്തിയുടെ പേര് | തുക |
|---|---|---|
| 1 | House maintenance(25 nos) | 1052311.34 |
| 2 | Electrical maintenance(4 nos) | 160445.04 |
| 3 | Toilet maintenance(5 nos) | 123761.85 |
| 4 | Side wall for road(16 nos) | 3608327.80 |
| 5 | Concrete road(11 nos) | 674025.75 |
| 6 | Drainage work | 126853.08 |
| 7 | Public well maintenance | 473030.88 |
| 8 | Renovation of samskarika nilayam | 1147164.90 |
| 9 | Renovation of anganvadi | 104019.67 |
| | Total | 7469940.31 |
| | Centage(7%) | 522895.8217 |
| | Sub total | 7992836.13 |
| | GST(18%) | 1438710.5037 |
| | Grand Total | 9431546.63 |
| | Total round off | **94,31,547** |
| **Rupees ninety four lakhs thirty one thousand five hundred and forty seven only** | | |

മേൽ സാഹചര്യത്തിൽ ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിലെ വെള്ളൂക്കുന്ന് കോളനിയെ **2021-22** വർഷത്തെ പദ്ധതിയിൽ നിന്നും **റദ്ദ്** ചെയ്തുകൊണ്ടും **2023-24** വർഷത്തെ അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ടും പരാമർശം (6)പ്രകാരം കോട്ടയം ജില്ലാ പട്ടികജാതി വികസന ഓഫീസർ മുഖേന ലഭ്യമാക്കിയിട്ടുള്ള വെള്ളൂക്കുന്ന് കോളനിയുടെ **94,31,547/-**രൂപ (തൊണ്ണൂറ്റി നാല് ലക്ഷത്തി മുപ്പത്തി ഒന്നായിരത്തി അഞ്ഞൂറ്റി നാൽപത്തി ഏഴ് രൂപ മാത്രം) എസ്റ്റിമേറ്റ് അംഗീകരിച്ചു കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

KSEB charges for obtaining single phase electric connection -നായി ഉൾപ്പെടുത്തിയ 10000/-രൂപ original bill submit ചെയ്യുമ്പോൾ തുക reimburse ചെയ്യുന്നതിനാൽ ആയത് ഫൈനൽ ബില്ലിൽ ക്രമീകരിയ്ക്കേണ്ടതാണ്.

House maintenance Unit cost 1,50,000/- രൂപയിലും Toilet maitenance 25000/- രൂപയിലും പരിമിതപ്പെടുത്തേണ്ടതാണ്.

നിലവിലുള്ള സർക്കാർ ഉത്തരവുകൾക്കും നിബന്ധനകൾക്കും വിധേയമായി

I/60407/2024

അടിയന്തിര പ്രാധാന്യത്തോടെ നിയമാനുസൃതം പദ്ധതി നടപ്പാക്കേണ്ടതാണ്. ഇതിലേയ്ക്കാവശ്യമായ തുക നടപ്പ സാമ്പത്തിക വർഷത്തെ "2225-01-283-85(Plan)" എന്ന ശീർഷകത്തിൽ നിന്നും കണ്ടെത്തേണ്ടതാണ്. നിലവിൽ പ്രവൃത്തി ആരംഭിക്കുന്നതിനു മുമ്പായി ഏജൻസി ജില്ലാ പട്ടികജാതി വികസന ഓഫീസറുമായി എം. ഒ. യു ഒപ്പ വെയ്ക്കേണ്ടതും കരാർ ഒപ്പ വച്ച് ഒരു വർഷത്തിനുളളിൽ നിർമ്മാണ പ്രവർത്തികൾ തൃപ്തികരമായി പൂർത്തികരിക്കാത്ത പക്ഷം ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് ഏജൻസി മാത്രം ഉത്തരവാദിയായിരിക്കും. നിലവിലുളള സർക്കാർ ഉത്തരവുകൾക്ക് വിധേയമായി നികുതികൾ ഏജൻസി ഒടുക്കേണ്ടതുമാണ്.

(ഒപ്പ്)

**DIR SCDD**

**Signed by Joseph John**
**Date: 15-02-2024 16:50:35**

ഡയറക്ടർക്കു വേണ്ടി

ജോയിന്റ് ഡയറക്ടർ(വികസനം)

പകർപ്പ്:-
1) ജില്ലാ പട്ടികജാതി വികസന ഓഫീസർ,കോട്ടയം
2) സ്റ്റീൽ ഇൻഡസ്ട്രിയൽസ് കോരളാ ലിമിറ്റഡ് ,തൃശ്ശൂർ
3) സ്റ്റോക്ക് ഫയൽ / സ്പെയർ